പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1694 — 10.03.2020 ൽ മറുപടിക്ക്

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള കൈമാറ്റത്തിനെതിരെയുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറുന്നതിനുള്ള കേന്ദ്ര തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തൊക്കെ കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചത് ; | (ബി) | (i). സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള തർക്കം ഇന്ത്യൻ ഭരണ ഘടനയുടെ 131-ാം അനുഛേദ പ്രകാരം ബഹു. സുപ്രീം കോടതിയ്ക്ക് മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്ന കാരണം ചൂണ്ടിക്കാട്ടി തിരുവനന്തപുരം വിമാനത്താവള സ്വകാര്യവൽക്കരണത്തിനെതിരെ ഇന്ത്യൻ ഭരണ ഘടനയുടെ 226-ാം അനുഛേദ പ്രകാരം സംസ്ഥാനം ഫയൽ ചെയ്ത റിട്ട് ഹർജി തള്ളിയതിനെതിരെയാണ് ബഹു. സുപ്രീം കോടതിയെ സമീപിച്ചത്.<br><br>(ii). വിമാനത്താവളം സ്ഥിതി ചെയ്യുന്ന സ്ഥലം സർക്കാർ സൗജന്യമായി നൽകിയതിനാൽ Right of First Refusal ന് പരിധിനിശ്ചയിക്കാൻ പാടില്ല എന്ന സംസ്ഥാന സർക്കാർ വാദം നിലനിൽക്കുന്നതാണ്.<br><br>(iii). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും, വികസനവും, വിമാനത്താവള നടത്തിപ്പിൽ യാതൊരു മുൻപരിചയവും ഇല്ലാത്ത അദാനി ഗ്രൂപ്പിനെ ഏൽപ്പിക്കുന്നത് 1994 ലെ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധവും, പൊതുജന താൽപര്യത്തിന് എതിരുമാണ്.<br><br>(iv). തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്.<br><br>(v). നിലവിലെ സ്വകാര്യവൽക്കരണ നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | 2003 ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനത്തിന് നൽകിയ ഉറപ്പിന്റെ ലംഘനമാണ്.<br><br>(vi). സ്വകാര്യവൽക്കരണ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച Request for proposal, 1994 ലെ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആക്ടിലെ വകുപ്പ് 12(എ) യ്ക്ക് വിരുദ്ധമാണ്. |
| (സി) | പ്രസ്തുത കേസ് വാദിക്കുന്നതിന് പുറത്തുനിന്നുള്ള പ്രഗത്ഭരായ അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ടോ; എങ്കിൽ ആരുടെയെന്ന് വ്യക്തമാക്കാമോ; | (സി) | മുതിർന്ന അഭിഭാഷകരായ അഡ്വ. സി.യു.സിംഗ്, അഡ്വ. ഗോപാൽ ശങ്കരനാരായണൻ, സംസ്ഥാന സ്റ്റാന്റിംഗ് കൗൺസൽ അഡ്വ. സി.കെ. ശശി എന്നിവരാണ് കേസ് വാദിക്കുന്നത്. |
| (ഡി) | പ്രസ്തുത വിമാനത്താവള കൈമാറ്റത്തിനെതിരെ സംസ്ഥാന സർക്കാർ കേന്ദ്രത്തെ സമീപിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | സമീപിച്ചിരുന്നു. എന്നാൽ ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ